**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** **06-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടപ്പുറം-കോവളം ജലപാത പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോട്ടപ്പുറം- കോവളം ജലപാതയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. ദൂരത്തിൽ പശ്ചിമതീര കനാൽ (West Coast Canal) എന്ന പേരിൽ, ജലപാത യാഥാർത്ഥ്യമാക്കുന്ന തിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇതിൽ 328 കി. മീ. ഭാഗം (കൊല്ലം മുതൽ കല്ലായിപ്പുഴ വരെ) ദേശീയ ജലപാത നം. 3 ആണ്. ദേശീയ ജലപാതയുടെ ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെ 168 കി.മീ. ഭാഗത്തെ നിർമ്മാണം ഏറെക്കുറെ IWAI പൂർത്തിയാക്കിയിട്ടുണ്ട്. കോട്ടപ്പുറം മുതൽ കല്ലായി വരെ (160 കി.മീ.)-യുള്ള നിർമ്മാണ പ്രവൃത്തി കൾക്ക് DPR ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പി ച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെ 74 കി.മീ. യും കല്ലായി മുതൽ ബേക്കൽ വരെ 214 കി.മീ. ഭാഗവും (ആകെ 288 കി.മീ.) സംസ്ഥാന ജലപാതയാണ്.<br><br>വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്ന് വരുന്നത്. 2020-ൽ തീർന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കുകയും, കയ്യേറ്റക്കാരെ പുനരധിവസി പ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2022-ൽ അവസാനിക്കുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുന്നതിനും, 2025-ൽ അവസാനിക്കുന്ന 3-ാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനം സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുന്ന തിനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| | | | മാഹി പുഴയ്ക്കും വളപട്ടണം പുഴയ്ക്കും ഇടയിൽ 26 കിലോ മീറ്ററും നീലേശ്വരം നദിയ്ക്കും ചിത്താരിപ്പുഴയ്ക്കും ഇടയിൽ 6.5 കിലോ മീറ്ററും പുതുതായി ഭൂമി ഏറ്റെടുത്ത് കൃത്രിമ കനാൽ നിർമ്മിക്കേണ്ടതുണ്ട്. ബാക്കി എല്ലാ ഭാഗത്തും കനാലുകളും കായലുകളുമാണ്. കനാൽ ഭാഗങ്ങളുടെ ആഴവും വീതിയും കൂട്ടി നവീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത ജലപാതയുടെ ഭാഗമായി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായുള്ള ഫണ്ട് എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | ദേശീയ ജലപാതാ നിലവാരത്തിൽ കനാൽ വികസിപ്പിക്കുകയും ആയതിന് തടസ്സമായിട്ടുള്ള പാലങ്ങൾ, ക്രോസ് സ്ട്രക്ച്ചറുകൾ എന്നിവ പുനർനിർമ്മിക്കുക, ടൂറിസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബോട്ട് ടെർമിനലുകൾ നിർമ്മിക്കുക, ഉപകനാലുകളുടെ പുനരുദ്ധാരണം എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി പ്രവൃത്തികൾ ക്കായി സംസ്ഥാന പ്ലാൻ ഫണ്ട്, ടൂറിസം ഫണ്ട്, ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) -യുടെ ഫണ്ട്, കിഫ്ബി ധനസഹായം എന്നിവയാണ് ഉപയോഗിക്കുന്നത്. |
| (സി) | പ്രസ്തുത ജലപാതയുടെ ആക്കുളം കായൽ മുതൽ കോവളം വരെയുള്ള ഭാഗത്ത് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ; | (സി) | കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായ KIIFB – LA യൂണിറ്റുമായി ചേർന്ന് സ്ഥലപരിശോധന നടത്തിവരുന്നു. പാർവ്വതീ പുത്തനാറിന് കുറുകെ കരിക്കകം പുത്തൻപാലം, പനത്തുറ എന്നീ സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണവും നടപ്പിലാക്കി വരുന്നു. ടി ഭാഗത്ത് പാർവ്വതീ പുത്തനാർ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായ് വിശദമായ പദ്ധതി രേഖ തയ്യാറാക്കി KIIFB യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി കിഫ്ബി മുഖേനയും മറ്റും | (ഡി) | |

| | | | |
|---|---|---|---|
| | എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക എന്തെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിക്കുന്നതെന്നും എസ്.പി.വി. ആയി ഏതെങ്കിലും നിശ്ചയിച്ചിട്ടുണ്ടോയെന്നും ഇപ്പോൾ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ; | | കിഫ്ബി ധനസഹായം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. കോവളം മുതൽ വർക്കല വരെ 1275 കുടുംബങ്ങളുടെ പുനരധിവാസം -247.2 കോടി രൂപ.<br><br>2. കനാൽ വികസനത്തിനായി 1907 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് - 66.39 കോടി രൂപ.<br><br>4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.<br><br>3. KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതി കോവളം മുതൽ ആക്കുളം വരെ പാർവ്വതീ പുത്തനാറിന്റെ നവീകരണം - 183.65 കോടി രൂപ.<br><br>മേൽ പദ്ധതികൾ SPV ആയ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.<br><br>നിലവിൽ ജലപാതാ വികസനത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികളാണ് നടന്നു വരുന്നത്. 2022ൽ തീരുന്ന രണ്ടാംഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. |
| (ഇ) | ആക്കുളം മുതൽ കോവളം വരെ ജലപാതയുടെ ഭാഗമായ പാർവതി പുത്തനാറിന്റെ ഒരുവശത്ത് സൈഡ് പ്രൊട്ടക്ഷൻ വാൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജലപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി സൈഡ് വാൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ഇ) | ഉണ്ട്. ആക്കുളം മുതൽ കോവളം വരെയുള്ള ഭാഗത്ത് ജലപാത വികസിപ്പിക്കുന്നതിനായി KIIFB യുടെ ധനസഹായത്തോടു കൂടി സ്ഥലം ഏറ്റെടുക്കൽ, പുനരധിവാസം എന്നീ പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടത്തി വരുന്നുണ്ട്. ആവശ്യമായി വരുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ ജലപാതാ വികസനത്തിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഇല്ലെങ്കിൽ തിരക്കേറിയ കാരാളി-വള്ളക്കടവ് റോഡിനോട് ചേർന്ന പുത്തനാറിന്റെ ഭാഗം സൈഡ് വാൾ ഇല്ലാത്തത് അപകട സാധ്യത വർദ്ധിപ്പിക്കുന്നതിനാൽ പ്രസ്തുത വാൾ കൂടി പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (എഫ്) | ഉണ്ട്. ആക്കുളം മുതൽ കോവളം വരെയുള്ള ഭാഗത്ത് ജലപാത വികസിപ്പിക്കുന്നതിനായി KIIFB യുടെ ധനസഹായത്തോടു കൂടി സ്ഥലം ഏറ്റെടുക്കൽ, പുനരധിവാസം എന്നീ പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ |

| | | | |
|---|---|---|---|
| | | | (SPV) മുഖേന നടത്തി വരുന്നുണ്ട്. ആവശ്യമായി വരുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ ജലപാതാ വികസനത്തിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ